രണ്ടുതവണ ഇരുപത്തെട്ടു രൂപവീതമേ 'മിനിബാർ' ചാർജ് ഉണ്ടായിരുന്നുള്ളു.

ഈ ബില്ലുകളുടെ പണം ഹോട്ടലിന് 'ഇന്ത്യൻ എയർലൈൻസ്' കമ്പനി കൊടുത്തിരിക്കണം. ഈ കമ്പനി പൊതുമേഖലയിലുള്ളതാണ്. യാത്രക്കൂലിയും കടത്തുകൂലിയും പരമാവധി വർദ്ധിപ്പിച്ചതിനുശേഷവും കമ്പനി നഷ്ടമുണ്ടാക്കുകയാണെങ്കിൽ, ട്രഷറിയിൽനിന്ന് ആ നഷ്ടം നികത്തിക്കൊടുത്തുകൊള്ളും. ട്രഷറി കാലിയായാൽ, പലവിധത്തിൽ നിങ്ങളോടു നികുതിപിരിച്ച് അതു വീണ്ടും നിറയ്ക്കാനുള്ള സംവിധാനം നമ്മുടെ ജനാധിപത്യത്തിലുണ്ടുതാനും. അതിനാൽ ഇതിലൊന്നും നാം അസ്വസ്ഥരാകേണ്ടതില്ല.

എങ്കിലും, ചില സുഹൃത്തുക്കളെ ഓർമിക്കുമ്പോരം മനസ്സിൽ അവ്യക്തമായ ഒരു വേദന നിറയുന്നു. ഈ നാട്ടിൽ മദ്യനിരോധനമോ, ചുരുങ്ങിയതു് മദ്യനിയന്ത്രണമെങ്കിലുമോ, നടപ്പിൽ വരുത്താമെന്ന് പ്രൊഫസർ മന്മഥനും പ്രൊഫസർ കുമാരപിള്ളയുംപോലുള്ള ശുദ്ധാത്മാക്കരം ഇപ്പോഴും വ്യാമോഹിക്കുകയും, കഷ്ടപ്പെട്ടു കൈവന്ന തങ്ങളുടെ വാർദ്ധക്യ വിശ്രമസമയം ആ വ്യാമോഹം സാക്ഷാൽക്കരിക്കാനുള്ള ക്ലേശങ്ങരംക്കായി നീക്കിവെക്കുകയും ചെയ്യുന്നുണ്ടല്ലോ!

(ഈ ലേഖനത്തിലെ വസ്തുതകരം 1987 ജൂലൈ 25—ലെ 'സ്റ്റേററ്സ്മാൻ' പത്രത്തിൽനിന്നു ശേഖരിച്ചവയാണ്.)

(6 സെപ്റ്റംബർ, 1987)

# 29. ഒരു പുതിയതരം രാഷ്ട്രീയ നേതൃത്വത്തിൻെറ ഉത്ഭവവും വളർച്ചയും

ഒരാരം രാഷ്ട്രീയ നേതാവാകുന്നതു് എങ്ങനെയാണ്?

രാഷ്ട്രത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ത്യാഗം, ജനതയ്ക്കു നൽകുന്ന സേവനം, അചഞ്ചലമായ ആദർശനിഷ്ഠ, ധീരത, സ്വദേശാഭിമാനം, വ്യത്യസ്തരംഗങ്ങളിൽ കൈവരിച്ച അസാധാരണങ്ങളായ നേട്ടങ്ങരം മുതലായവയുടെ അടിസ്ഥാനത്തിൽ നേതൃപദവിയിലേക്കുയർന്നവരുണ്ട്. ഇത്തരത്തിൽപ്പെട്ട പല രാഷ്ട്രീയനേതാക്കളും, ഭാഗ്യവശാൽ, ഇപ്പോഴും ഇന്ത്യയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവരുന്നു.

അച്ഛൻ, അമ്മ, മുത്തച്ഛൻ, മുത്തശ്ശി, അമ്മാവൻ, അമ്മായി മുതലായവരുടെ നേതൃത്വം പാരമ്പര്യമായി പകർന്നുകിട്ടിയവരാണ് മററു ചില രാഷ്ട്രീയനേതാക്കരം. ഇവരിൽ ചിലർ തങ്ങളുടെ ദുഷ്പ്രവൃത്തികളാൽ പൈതൃകം കളഞ്ഞുകളിക്കുമ്പോരം, മററു ചിലർ സ്വന്തം യോഗ്യതയാലും അർപ്പണബോധത്തോടെയുള്ള പ്രവർത്തനത്താലും പൈതൃകത്തിനു് തിളക്കം വർദ്ധിപ്പിക്കുന്നു.

ജനസേവനത്തിനല്ലാതെ ജനദ്രോഹത്തിനും ജനവഞ്ചനയ്ക്കും സ്വാത്മപൂരണത്തിനുമുള്ള മാർഗമായി നമ്മുടെ നാട്ടിൽ രാഷ്ട്രീയപ്രവർത്തനം പൊതുവേ അധഃപതിച്ചുകൊണ്ടിരിക്കുകയാണല്ലോ. കള്ളക്കടത്തുകാർ, കള്ളവാററുകാർ, കൊള്ളക്കാർ, റൗഡികരം, വർഗീയവാദികരം തുടങ്ങിയ സാമൂഹ്യവിരുദ്ധരും, രാഷ്ട്രീയക്കാരും, പോലീസും ചേർന്നുള്ള ഒരു അവിശുദ്ധ—ജനവിരുദ്ധ—മുന്നണി പല പ്രദേശങ്ങളിലും നിലവിൽവന്നി

ട്ടുണ്ട്. ഇതിനെത്തുടർന്ന് സ്ഥിരം കുററവാളികളിൽ പലരും രാഷ്ട്രീയ നേതൃപദവിയിലേക്ക കുതിച്ചുയരുന്നുമുണ്ട്.

ബോംബെയിലെ കള്ളക്കടത്തുരാജാവായ ഹാജിമസ്താൻ ഇത്തരമൊരു പുത്തൻരാഷ്ട്രീയനേതാവാണ്. ഈമാതിരി നേതാക്കളുടെ നിരയിൽ ഈയിടെ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഒരാളാണ് അഹമ്മദാബാദിലെ കള്ള വാററുകാരനായ അബ്ദുൾ ലത്തീഫ്. അഹമ്മദാബാദ് മുനിസിപ്പാലിററിയിലേക്ക കുറച്ചുമുമ്പു നടന്ന തിരഞ്ഞെടുപ്പിൽ, അഞ്ചു വാർഡുകളിൽ ഇയാൾ കോൺഗ്രസ് സ്ഥാനാർത്ഥികളെ മണ്ണുകപ്പിച്ചുകൊണ്ട് വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയം നേടി. ഏറെക്കാലമായി അഹമ്മദാബാദ് നഗരത്തിൽ നിലവിലുള്ള ഹിന്ദു–മുസ്ലിം–സംഘർഷ അന്തരീക്ഷത്തിൽ ഈ അധോലോകരാജാവു് മുസ്ലിങ്ങളുടെ കിരീടമില്ലാത്ത ചക്രവർത്തി എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു.

താനൊരു കള്ളവാററുകാരനാണെന്ന കാര്യം അബ്ദുൽ ലത്തീഫ് നിഷേധിക്കുന്നില്ല. മദ്യവർജന നിയമലംഘനം, ആക്രമണം, കൊലപാതകശ്രമം, കൊലപാതകം തുടങ്ങിയ കുററങ്ങൾ സംബന്ധിച്ച പത്തു കേസ്സുകളിൽ ഇതിനകം ഇയാൾ പ്രതിയായിട്ടുണ്ടെന്നു് അഹമ്മദാബാദിലെ പോലീസ് കമ്മീഷണർ പറയുന്നു. എന്നിട്ടെന്തു്? തെളിവുകളോ സാക്ഷികളോ കോടതികളിൽ ഹാജരാക്കപ്പെടാത്തതിനാൽ ഈ കേസ്സുകളിൽനിന്നെല്ലാം ഇയാൾ വിട്ടുപോരുകയായിരുന്നു.

1982–ലാണ് അബ്ദുൽലത്തീഫ് അഹമ്മദാബാദിലെ അധോലോകത്തിൽ പ്രത്യക്ഷപ്പെട്ടതു്. ഏതാനും വൻകിട കള്ളവാററുകാരുടെ ചരക്കുചുമട്ടുകാരൻ മാത്രമായിരുന്നു അന്നു് അയാൾ. പിന്നീട് അബ്ദുൽ ലത്തീഫ് സ്വന്തമായി കള്ളവാററു് ആരംഭിച്ചു. അതോടെ അയാൾ പണക്കാരനായി. സ്വന്തം 'ബിസിനസ്' നടത്തിക്കൊണ്ടുപോകാൻ അയാൾക്ക് ഒരു റൗഡിസ്സംഘത്തെ വളർത്തിയെടുക്കേണ്ടിവന്നു. ഈ കാര്യത്തിൽ അഹമ്മദാബാദിലെ പോലീസുകാരിൽ ഒരു വിഭാഗം അയാളെ സഹായിച്ചു. അബ്ദുൽലത്തീഫിന്റെ സംഘടനാശേഷി ഉപയോഗപ്പെടുത്തുന്നതിൽ അഹമ്മദാബാദിലെ രാഷ്ട്രീയക്കാർക്കും സന്തോഷമേ ഉണ്ടായിരുന്നുള്ളു.

പണം പെരുത്തതോടെ അബ്ദുൽലത്തീഫ് 'ധർമിഷ്ഠൻ' എന്ന പ്രശസ്തി നേടി. ചോദിച്ചവർക്കെല്ലാം അയാൾ പണം വാരിക്കൊടുത്തു. അധോലോകനേതാവു് എന്നതിനോടൊപ്പം, ദരിദ്രരായ മുസ്ലിങ്ങളുടെ സംരക്ഷകൻ എന്ന പദവിയും അയാൾക്ക കൈവന്നു. നഗരത്തിലെ തൊഴിലില്ലാത്ത മുസ്ലിംയുവാക്കൾ തങ്ങളുടെ ആശാകേന്ദ്രമായി അബ്ദുൽലത്തീഫിനെ കണ്ടു.

അബ്ദുൽലത്തീഫിനെതിരെ കേസ്സുകളുടെ എണ്ണം പെരുകി. പക്ഷേ, ധനശക്തിയും ശരീരശക്തിയും ഉപയോഗപ്പെടുത്തി അയാൾ കേസ്സുകളിൽനിന്നെല്ലാം രക്ഷപ്പെട്ടു. അയാളെക്കൊണ്ടു പൊറുതിമുട്ടിയപ്പോൾ, 1985–ൽ അയാളെ അഹമ്മദാബാദിൽനിന്നു പുറത്താക്കാൻ ഗുജറാത്ത് ഗവണ്മെൻറ് നടപടികളെടുത്തു. ഈ ഘട്ടത്തിലാണ് അഹമ്മദാബാദിൽ വലിയൊരു ഹിന്ദു–മുസ്ലിം–ലഹള നടന്നതു്. ഈ ലഹളയുടെ നേതൃസ്ഥാനത്തു് അബ്ദുൽലത്തീഫ് ആയിരുന്നു എന്നു് പോലീസ് വൃത്തങ്ങൾ പറയുന്നു. ലഹളക്കാലത്തു് ഒരു പോലീസ് ഇൻസ്പെക്ടറെ കൊന്ന കേസ്സിൽ പ്രധാന പ്രതിയുമാണ് അബ്ദുൽലത്തീഫ്.

1985 മാർച്ചിൽ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നിയമം (പ്രിവെൻഷൻ ഓഫ് ആൻറി സോഷ്യൽ ആക്ടിവിററീസ് ആക്ട്–പാസ്) ഉപയോഗപ്പെടുത്തി അബ്ദുൽലത്തീഫിനെ തടങ്കലിൽ വയ്ക്കുവാൻ ഗുജറാത്ത് സർക്കാർ കല്പന പുറപ്പെടുവിച്ചു. അപ്പോൾ

അയാൾ ഒളിവിൽ പോയി. എട്ടു മാസം അയാൾ അഹമ്മദാബാദിൽ തന്നെ, അറസ്റ്റിൽപെടാതെ, പരസ്യമായി 'ഒളിച്ചു' പാർത്തു. ഒടുവിൽ, 1895 നവംബറിൽ അയാൾ പിടികൊടുത്തു. ജയിലിൽ പാർക്കവേ, രണ്ടു കൊല്ലത്തേക്കു് അയാൾ അഹമ്മദാബാദിൽ കടക്കരുതെന്ന കല്പന അയാൾക്കു് സർക്കാർ നൽകി.

തന്നെ തടങ്ങലിൽവെച്ചതിനെതിരെ അബ്ദുൽലത്തീഫ് സുപ്രീം കോടതിയെ സമീപിച്ചു. പ്രസിദ്ധ വക്കീൽ ആയ രാംജേഠ്മലാനി ആണു് അയാളുടെ ഭാഗം കേസ് വാദിച്ചതു്. തടങ്ങലിലിരിക്കേ, ചില രാഷ്ട്രീയപ്രവർത്തകരുടെ ഉപദേശപ്രകാരം, അഹമ്മദാബാദ് മുനിസിപ്പാലിററിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ അഞ്ചു മുസ്ലിം ഭൂരിപക്ഷ വാർഡുകളിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾക്കെതിരെ അബ്ദുൽ ലത്തീഫ് നോമിനേഷൻപത്രം സമർപ്പിച്ചു.

ഈ ഘട്ടത്തിൽ രാംജേഠ്മലാനി അയാൾക്കു സുപ്രീംകോടതിയിൽ നിന്നു് പരോൾ വാങ്ങിക്കൊടുത്തു. എല്ലാ ദിവസവും അഹമ്മദാബാദ് പോലീസ്സിനുമുമ്പാകെ ചെന്നു് ഒപ്പിടണമെന്ന വ്യവസ്ഥയോടെയാണു് സുപ്രീംകോടതി അബ്ദുൽലത്തീഫിനു പരോൾ അനുവദിച്ചതു്. ഇതു് അയാൾക്കു് അനുഗ്രഹമായി; കാരണം, അഹമ്മദാബാദിൽ കടന്നുകൂടെന്ന സർക്കാർ കല്പന അയാൾക്കു് അതോടെ ബാധകമല്ലെന്നുവന്നു. അഹമ്മദാബാദിൽ കടക്കാതെ ഒരാൾ എങ്ങനെയാണു് അഹമ്മദാബാദ് പോലീസിനുമുമ്പിൽ എന്നും എത്തി ഒപ്പിടുക?

വിദഗ്ദ്ധന്മാർ നിയമത്തെ തോല്പിക്കുന്നതു് ഇങ്ങനെയൊക്കെയാണു്!

തിരഞ്ഞെടുപ്പിൽ അഞ്ചു വാർഡുകളിലും ബഹുഭൂരിപക്ഷത്തോടെ അബ്ദുൽലത്തീഫ് ജയിച്ചു. താമസിയാതെ അയാളുടെ മേൽ ഗുജറാത്ത് സർക്കാർ ചുമത്തിയ തടങ്ങൽക്കല്പന സുപ്രീംകോടതി റദ്ദാക്കുകയും ചെയ്തു. അതോടെ, എല്ലാ ദിവസവും പോലീസ് സ്റ്റേഷനിൽ അയാൾ ഹാജരാകണമെന്ന വ്യവസ്ഥയും ഒഴിവായിക്കിട്ടി.

എങ്കിലും അഹമ്മദാബാദിൽനിന്നു് അയാളെ പുറത്താക്കുന്ന സർക്കാർക്കല്പന നിലവിലുണ്ടായിരുന്നു. അതനുസരിച്ചു് 1987 ഫെബ്രുവരി 7–ാം തീയതി അയാൾ നഗരം വിടേണ്ടതായിരുന്നു. ഈ കല്പന അയാൾ അനുസരിച്ചില്ല; പകരം അയാൾ നഗരത്തിലെങ്ങും മുസ്ലിം യോഗങ്ങൾ സംഘടിപ്പിച്ചു പ്രസംഗിച്ചു നടന്നു. ജനത എം. പി.യും ബാംബരി മസ്ജിദ് പ്രക്ഷോഭണനേതാവുമായ ഷഹാബുദ്ദീൻ പങ്കെടുത്ത ഒരു യോഗത്തിൽ അബ്ദുൽലത്തീഫ് ഒരു വർഗീയത്തീപ്പൊരി പ്രസംഗം നടത്തി. താൻ എല്ലാ നിയമങ്ങൾക്കും അതീതനാണെന്നും, സർക്കാരിനു തന്നെ തൊടാൻ കഴിയുകയില്ലെന്നുമുള്ള ബോധം സ്വന്തം അനുയായികൾക്കിടയിൽ വളർത്താൻ ഈ അധോലോകനേതാവിനു കഴിഞ്ഞു.

ഒടുവിൽ, ഫെബ്രുവരി 14–ാം തീയതി അയാളെ അഹമ്മദാബാദ് പോലീസ് അറസ്റ്റ്ചെയ്തു. ഇതിനെത്തുടർന്നു് അയാളുടെ കിങ്കരന്മാർ അഹമ്മദാബാദിൽ ഒരു ബന്ദ് സംഘടിപ്പിച്ചു. നഗരത്തിൽ പലേടത്തും അന്നു വർഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ടു.

1987 ഫെബ്രുവരി 19–ാം തീയതിയിലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ അവരുടെ അഹമ്മദാബാദ് ലേഖകൻ എഴുതുന്നു:

'ലത്തീഫിന്റെ അറസ്റ്റ്മൂലം സ്ഥിതിഗതികൾ തല്ക്കാലത്തേക്കു ശാന്തമായിട്ടുണ്ടു്. പക്ഷേ, അഹമ്മദാബാദിൽ എല്ലാം ഭദ്രമാണെന്നു് ഇതിനർത്ഥമില്ല. ജനങ്ങൾ ഇപ്പോഴും കിംവദന്തികളുടെ അടിമകളാണു്. തങ്ങളുടെ മതം സംരക്ഷിക്കാൻ ഹിന്ദുക്കൾ ആയുധം ധരിക്കണമെന്നു്

ആവശ്യപ്പെടുന്ന വിശ്വഹിന്ദുപരിഷത്തിന്റെ ലഘുലേഖകൾ നഗരത്തിൽ പ്രചരിക്കുന്നു. തങ്ങൾ ബാബരീമസ്ജിദ് പിടിച്ചെടുക്കുമെന്നു പ്രഖ്യാപിക്കുന്ന മുദ്രാവാക്യങ്ങൾ ചുവരുകളിലും ബസ്സുകളിലും മുസ്ലിങ്ങളും എഴുതിവയ്ക്കുന്നുണ്ട്. ജനങ്ങളുടെ മനസ്സുകളിൽ ഭയം കൊടികുത്തി വാഴുന്നു.'

ഓരോ തെരുവിലും ഓരോ അക്രമിസംഘം വാഴ്ച നടത്തുന്ന ബെയ്‌റൂട്ട് നഗരത്തിന്റെ സ്ഥിതിയിലേക്ക് അഹമ്മദാബാദ് നഗരം വഴുതി വീണുകൊണ്ടിരിക്കുകയാണെന്നത്രേ 'സ്റ്റേറ്റ്സ്മാൻ' ലേഖകന്റെ ആശങ്ക.

നമുക്ക് ശ്രദ്ധിക്കാനുള്ളത് അബ്ദുൽലത്തീഫ് എന്ന രാഷ്ട്രീയനേതാവിന്റെ ഭൂതഗതിയിലുള്ള വളർച്ചയാണ്. ഏറെ വൈകാതെ, ഹാജി മസ്താനെയും വരദരാജമുതലിയാരെയും അബ്ദുൽലത്തീഫിനെയുംപോലെയുള്ളവർ നമ്മുടെ മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും രാഷ്ട്രപതിയുമൊക്കെ ആയി വന്നുകൂടെന്നില്ല.

കേരളത്തിലുമില്ലേ അബ്ദുൽലത്തീഫുമാർ? സൂക്ഷിച്ചു നോക്കുക. നിങ്ങളുടെ പാർട്ടിയുടെ പ്രാദേശികനേതാവിന് അബ്ദുൽലത്തീഫിന്റെ മുഖച്ഛായയുണ്ടോ?

(29 മാർച്ച്, 1987)

# 30. ആയുധം വാങ്ങുന്ന ഇന്ത്യ

സ്വീഡനിലെ 'ബോഫോർസ്' എന്ന കമ്പനിയിൽനിന്ന് ആയിരത്തിഎഴുന്നൂറുകോടി രൂപ വിലവരുന്ന പീരങ്കികൾ വാങ്ങാൻ ഇന്ത്യാഗവണ്മെന്റ് തീരുമാനിച്ചു. സമാധാനം നിലനിന്നുകാണാൻ ആഗ്രഹിക്കുന്ന ഒരു സമ്പന്നരാജ്യമാണ് സ്വീഡൻ. എന്നിട്ടും സ്വീഡൻ എന്തിന് ആയുധങ്ങളുണ്ടാക്കി വിൽക്കുന്നു? കാരണമുണ്ട്. എൺപത്തിമൂന്നു ലക്ഷം ആളുകളേ സ്വീഡനിൽ ഉള്ളൂ—ഏതാണ്ട് കേരളത്തിലുള്ളതിന്റെ മൂന്നിലൊന്ന്. അതേസമയം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഏറ്റവുമുയർന്ന ജീവിതനിലവാരം ആ രാഷ്ട്രം പുലർത്തുകയുംചെയ്യുന്നു. എല്ലാവർക്കും ജോലിയുണ്ടെങ്കിലേ ജീവിതനിലവാരം അത്രയും ഉയരത്തിൽ നിലനിർത്തിപ്പോരാൻ ഏതു രാജ്യത്തിനും കഴിയൂ. സ്വീഡന്റെ വ്യവസായത്തിൽ പകുതിയും ലോഹസംസ്കരണം സംബന്ധിച്ചവയാണ്. ലോഹവ്യവസായം, സ്വാഭാവികമായി, ആയുധനിർമാണവ്യവസായത്തിൽച്ചെന്നെത്തുമല്ലോ. നിർമിതസാധനങ്ങൾ ലോകവിപണിയിൽ വിറ്റുവേണം സ്വീഡന് പുലരാൻ. ലോകവിപണിയിൽ ഇപ്പോൾ ഏറ്റവും അധികം ഡിമാൻഡ് (ചോദനം) ആയുധങ്ങൾക്കാണ്. സ്വന്തം സൈന്യങ്ങളെ ഏറ്റവും പുതിയ ആയുധമണിയിച്ചു നിർത്തുവാൻപോലും സ്വീഡന് വൻതോതിൽ ആയുധവില്പന കൂടാതെ കഴിയില്ലെന്നതാണ് സ്ഥിതി. കാരണം, ഒരു ചെറുകിട വ്യവസായമായി നടത്താവുന്നതല്ല ആയുധനിർമാണം.

എന്നിട്ടും ആയുധവില്പനയിൽ പല നിയന്ത്രണങ്ങളും സ്വീഡൻ ഏർപ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു രാജ്യത്തിന് ആയുധം വിൽക്കുന്നത് സ്വീഡനിൽ നിരോധിച്ചിരിക്കുന്നു. യുദ്ധത്തിലേക്കു നയിക്കാവുന്ന വഴക്കുകൾ മറ്റു രാജ്യങ്ങളുമായി നിലവിലുള്ള രാജ്യങ്ങൾക്ക് ആയുധം വില്കുന്നതും അവിടെ നിയമവിരുദ്ധമാണ്.